Official Monthly Bulletin

November 2013

# MARIAN



**St. Mary's Indian Orthodox Cathedral**

P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092

E-mail: info@stmarybahrain.com Website: www.stmarybahrain.com



HARVEST FESTIVAL 2013 COMMITTEE

# MARIAN

Monthly News Bulletin

**St. Mary's Indian Orthodox Cathedral**

Kingdom of Bahrain

November 2013, Issue X

**Memorial Day**

November 8th



**H.H. Mar Baselios Marthoma Mathews-I Catholicos (1975-1991)**


**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John |
| Type Setting | : | Anu T. Koshy |




## എഡിറ്റോറിയൽ

ജീവിതയാത്രയിൽ ദാരിദ്ര്യത്തിൻെറയും കഷ്ടതയുടെയും അവഗണനയുടെയും ഇടുങ്ങിയ ഇടനാഴികളിൽ നിന്ന് കാരുണ്യവാനായ ദൈവം അനേകരെ കരം പിടിച്ചുയർത്തി സമ്പത്തിൻെറ യും സമുന്നതമായ സാമൂഹികബന്ധങ്ങളുടെയും ഭൗതീക സുഖങ്ങളുടെയും രാജവീഥികളിലേക്ക് നയിക്കുമ്പോൾ പലരും തങ്ങളുടെ കഴിഞ്ഞകാല ജീവിതത്തേയും അവിടെനിന്നു തങ്ങളെ രക്ഷിച്ച ദൈവത്തേയും മറന്നുപോകുന്നു. പാലും തേനും ഒഴുകുന്ന കനാൻദേശത്തിൻെറ പടിവാതിൽക്കൽ എത്തിയ യിസ്രയേൽമക്കളോട് മോശ: നീ മിസ്രയീംദേശത്ത് അടിമയായിരുന്നു "എന്ന് നാലുപ്രാവശ്യവും (ആവ. 15:15, 16:12, 24:18, 22)" നിൻെറ ദൈവമായ യഹോവ നിന്നെ വീണ്ടെടുത്തുവെന്നും ഓർക്കണം. എന്ന് രണ്ടു പ്രാവശ്യവും (ആവ.15:15, 24:18) ആവർത്തനപുസ്തകത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. അത്യുന്നതനായ ദൈവം നമ്മെ അനുഗ്രഹത്തിൻെറ കൊടുമുടിയിലേക്ക് ഉയർത്തുമ്പോഴും, നമ്മെ കടത്തിവിട്ട കഷ്ടതയുടെ താഴ്വരകളെയും അവിടെയുള്ള മനുഷ്യരുടെ അവസ്ഥകളെയും സർവ്വോപരി ഒന്നുമില്ലായ്മയിൽ നിന്നും നമ്മെ കോരിയെടുത്ത ദൈവത്തേയും മറക്കരുതെന്ന് ആവർത്തനപുസ്തകത്തിലൂടെ നമ്മെ മോശ ഓർമ്മിപ്പിക്കുന്നു. അതിനു നന്ദി കരേറ്റുവാൻ, നിൻെറ ദൈവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശം നീ ചെന്ന് കൈവശമാക്കി പാർക്കുമ്പോൾ നിനക്കു നൽകുന്ന ദേശത്ത് ഭൂമിയിൽനിന്ന് ഉണ്ടാകുന്നതായ നിൻെറ എല്ലാ കൃഷികളുടെയും ആദ്യഫലം കുറെശ്ശെ എടുത്ത് ഒരു കുട്ടയിൽ വച്ച് നിൻെറ ദൈവമായ യഹോവയുടെ നാമം സ്ഥാപിക്കുവാൻ തെരഞ്ഞെടുക്കുന്ന സ്ഥല ത്തേക്കു പോകണം. (ആവ: 26:1–2) അവിടെ നീയും നിൻെറ കുടുംബവും നിനക്ക് നൽകിയിട്ടുള്ള എല്ലാ നന്മയിലും സന്തോഷിക്കണം.

പരി.പരുമലത്തിരുമേനിയുടെ പെരുന്നാളി നോടനുബന്ധിച്ച് നടത്തപ്പെട്ട ആദ്യഫല സമർപ്പണപ്പെരുന്നാളിൽ പങ്കെടുത്ത ഏവരേയും ദൈവം തമ്പുരാൻ അനുഗ്രഹിക്കുമാറാകട്ടെ.... !

പ്രാർത്ഥനയോടെ...

തോമസ്സ് വൈദ്യൻ പി.കെ.

ചീഫ് എഡിറ്റർ


Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.

# The Malankara Orthodox Syrian Church

**MAR GEEVARGHESE COORILOS**
METROPOLITAN OF BOMBAY DIOCESE

ORTHODOX CHURCH CENTRE
Sector 10A, Dr. Mar Theophilus Marg
Vashi, Navi Mumbai 400703, India
Tel: 022-27801427
Fax: 022-2765 0876

ORTHODOX STUDENTS CENTRE
P.Box: No: 610, Kottayam,
Kerala,India
Tel: 0481-2567338
Orthodox 77@hotmail.com



നമുക്കേറ്റവും സ്നേഹിക്കപ്പെട്ട ബഹറിൻ സെൻറ് മേരീസ് കത്തീഡ്രൽ വികാരിക്കും ഭരണസമിതി അംഗങ്ങൾക്കും, ആത്മീയ സംഘടനാ പ്രവർത്തകർക്കും പള്ളിവികസന കമ്മിറ്റി അംഗങ്ങൾക്കും, ശേഷം ഇടവകാംഗങ്ങൾക്കും കർത്താവിൽ ശ്ലൈഹിക വാഴ്വ്.

വാത്സല്യമുള്ളവരേ,

മരിയൻ പ്രസി ദ്ധീകരണം മേൽക്കുമേൽ മെച്ചപ്പെട്ടുവരുന്നു എന്നതിൽ സന്തോഷിക്കുകയും നിങ്ങളോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ശ്രദ്ധേയമായ സന്ദേശങ്ങളും പ്രയോജനകരമായ വാർത്തകളും, ചിത്രങ്ങളും കൊണ്ട് നിറയുന്ന മരിയൻ പരിശുദ്ധ മാതാവിനെപ്പോലെ അനേകർക്ക് പ്രകാശം പകരുകയും, തുടർന്നും ആനുഗ്രഹകരമായ അനുഭവങ്ങളിലേക്ക് വഴി നയിക്കുകയും ചെയ്യട്ടെയെന്ന് ഹൃദയംഗമായി ആശംസിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ

മാർ ഗീവർഗീസ് കൂറിലോസ്
ബോംബെ ഭദ്രാസന മെത്രാപ്പോലീത്ത

ബഹ്റൈൻ,
18/10/2013



കർത്താവിൽ പ്രിയരെ,

2013–ലെ ആദ്യഫലപെരുന്നാൾ വൻ വിജയമാക്കുവാൻ അൽപ്പമായും അധികമായും പ്രവർത്തിക്കുന്ന ഏവരോടും ഉള്ള നന്ദി അറിയിക്കുന്നതോടൊപ്പം ഏവരെയും ദൈവം തമ്പുരാൻ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു..
നമ്മുടെ ആത്മീയ യാത്രയിൽ ഒരു പുതുവർഷം കടന്നുവരുകയാണ്. പരിശുദ്ധ സഭാ കലണ്ടർ പ്രകാരം പുതുവർഷം ആരംഭിക്കുന്ന ശുദ്ധീകരണ പെരുന്നാളായ കുദോശ് ഈത്തോ ഞായറും പ്രതിഷ്ഠാ പെരുന്നാളായ ഹൂദോസ് ഈത്തോ ഞായറും കടന്നുവരുകയാണല്ലോ. ക്രിസ്തു തലയായുള്ള പരി: സഭയിലെ ഓരോ അവയവങ്ങളാണ് നാം ഓരോരുത്തരും.ഈ സമയം നമുക്ക് ഓരോരുത്തർക്കും നമ്മുടെ ആത്മീയതയുടെ പരിശുദ്ധി എത്രമാത്രമാണന്ന് ഒരു അവലോകനം നടത്താം. നാം കളങ്കരും പാപികളും എന്ന് ബോധ്യം വന്നാൽ ക്രിസ്തു യേശുവിന്റെ വിശുദ്ധ ശരീര രക്തത്താൽ നമ്മെ തന്നെ കഴുകി വെടിപ്പാക്കാം.

പരി: പരുമല തിരുമേനിയുടെ 111–ാം ഓർമ്മപെരുന്നാൾ നാം കൊണ്ടാടുകയാണല്ലോ. നമുക്കേവർക്കും മലങ്കരയുടെ കെടാവിളക്കായ തിരുമേനിയുടെ ജീവിത ദർശനങ്ങളെ പഠിക്കുകയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യാം. പ്രാർത്ഥന, ഉപവാസം, മൗനവൃതം എന്നിവയിലൂടെ ശരീരത്തിനും ആത്മാവിനും ശുദ്ധി വരുത്തിയ ആ പുണ്യപിതാവിന്റെ ജീവിത പാത പിൻ തുടരാം.

ദൈവമാതാവിന്റെ അറിയിപ്പു പെരുന്നാൾ, സ്വർണ്ണ നാവുകാരൻ മാർ ഈവാനിയോസിന്റെ ഓർമ്മ, പഴയ സെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസ്യോസ് മെത്രാപോലീത്തയുടെയും, മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയും മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെയും പരിശുദ്ധ സഭയെ വഴിനടത്തിയ മറ്റ് പല പുണ്യപിതാക്കന്മാരുടെയും ഓർമ്മ കൊണ്ടാടുന്ന ഈ സമയം ഇവരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയായിരിക്കട്ടെ.

ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ

**E-mail: vattaparampilachen@gmail.com**
**Mob: 39445358**



# മലങ്കരയുടെ മഹാ പരിശുദ്ധൻ

കർത്താവിൽ പ്രിയരെ,
മലങ്കരയുടെ മഹാപരിശുദ്ധനായ താപസശ്രേഷ്ഠൻ പരുമലയിലെ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ദുഖ്റോന നവംബർ ഒന്നും രണ്ടും തീയതികളിൽ സാഘോഷം കൊണ്ടാടുകയാണല്ലോ.
മാരക രോഗകിടക്കയിൽ കനകക്കല്ലൂരിയുടെ തീവ്രതയിൽ മാതാവിനെ ദർശിച്ച കൊച്ചയ്പ്പോര എന്ന ഗീവർഗീസ് ശെമ്മാശൻ അരുമനാഥനുവേണ്ടി തൻെറ ജീവിതം ഒഴിഞ്ഞുവെച്ചു. നന്നേ ചെറുപ്പത്തിൽ തന്നെ മാതൃകാജീവിതത്തിനുടമയായിരുന്ന ഗീവർഗീസിനെ വൈദീകവൃത്തിയുടെ ബാലപാഠം നൽകിയ മാതുലൻ ഗീവർഗീസ്മൽപാൻ, അന്ന് കോറൂയപട്ടം നൽകിയ മലങ്കരമെത്രാപോലീത്ത മാത്യൂസ്മാർ അത്താനാസിയോസ് എന്നിവർ തിരുമേനിയെ, പിന്നീട് മലങ്കരയുടെ അത്താണിയായി തീരുമെന്ന് കണ്ടിരുന്നോ എന്നത് ചിന്ത്യമാണ്.
ശെമ്മാശൻെറ പ്രത്യേക ഗുണവിശേഷങ്ങൾ മനസ്സിലാക്കിയ ശീമക്കാരനായ മാർ കൂറിലോസ് മെത്രാപ്പോലീത്തയും ദ്വിഭാഷിയായി സന്തത സഹചാരിയാക്കിയപ്പോൾ മലങ്കരസഭയുടെ പിൽക്കാലത്തെ മഹാപരിശുദ്ധനെയാണ് കൂടെ കൂട്ടിയതെന്ന് പിൽക്കാലം തെളിയിച്ചു. മാർ കൂറിലോസിൽനിന്നണ് കത്തനാർപട്ടവും കോറെപ്പിസ്ക്കോപ്പാ സ്ഥാനവും ലഭിച്ചത്. കൂടാതെ പൗരസ്ത്യ സഭയിലെ ദയറാ ജീവിതത്തെക്കുറിച്ചും, മുനിശ്രേഷ്ഠരെ ക്കുറിച്ചും അഗാധമായ ജ്ഞാനം ലഭിക്കുന്നതിനും ഇടയാക്കി. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ ജീവിച്ചിരുന്ന പരിശുദ്ധ അന്തോണിയോസ് പിതാവിനെ ആദർശപുരുഷനായി സ്വീകരിച്ച് ദയറാജീവിതം ആരംഭിച്ചത് ക്രൈസ്തവ സഭക്ക് ഒരു നവചൈതന്യത്തിന് ഉറവിടമായി.
1875–ൽ മലങ്കര സന്ദർശിച്ച് പത്രോസ് തൃതീയൻ പാർത്രിയർക്കീസിൻെറ നിർദേശത്തിന് വിധേയനായി 1876 ഡിസംബർ 10 ന് വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മെത്രാൻ സ്ഥാനത്തേക്കുയർത്തി ഒരു ചരിത്ര സാഫല്യമായി.

മാർത്തോമ്മ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര സഭായിലെ നിരണം ഭദ്രാസനത്തിൻെറ അധിപനായി മാറിയപ്പോൾ മലങ്കരയുടെ കൊച്ചുതിരുമേനിയായി. ബാവയുടെ പ്രത്യേക താൽപര്യപ്രകാരം യേറുശലേം മെത്രാപോലീത്തയുടെ സ്ഥാനപേർ നൽകിയത് അന്വർത്ഥമായി.
മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പുലിക്കോട്ടിൽ ജോസഫ്മാർ ദീവന്ന്യാസിയോസിൻെറ ദക്ഷിണ ഇടവകകളുടെ ആസ്ഥാനമായ പരുമലയിൽ താമസം ആരംഭിച്ച പരുമല തിരുമേനി മലങ്കര സഭയുടെ പരിമളമായി, മഹാ പരിശുദ്ധനായി, നമ്മുടെയെല്ലം മേലദ്ധ്യക്ഷനായി. അപേഷകർക്ക് അനുഗ്രഹമായി വിരാജിക്കുന്നു.
1902 നവംബർ 2 ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ താപസശ്രേഷ്ഠനെ 1947 നവംബർ 2 ന് മലങ്കര സഭാസുന്നഹദോസ് പരിശുദ്ധനായി പ്രഖ്യാപിച്ചപ്പോൾ, ആ ദിവസം ചരിത്രത്തിൽ മലങ്കര സഭയുടെ പെരുനാളുകളിൽ ഒന്നായി മാറി. ആ പരിശുദ്ധൻെറ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് നമുക്ക് മുന്നോട്ട് പോകാം.

സ്നേഹത്തോടെ..,

**ജോസഫ് ചീനിക്കാല**
കത്തീഡ്രൽ ട്രസ്റ്റി





Annual Convention 2013



Cathedral Dedication Day 2013













Cathedral Dedication Day 2013






Cathedral Dedication Day 2013






Cathedral Dedication Day 2013




Presented Ponnada to members who has completed 25 years in Cathedral




Cine Actor Captain Raju visited our Church



His Majesty King Hamad Bin Isa Al Khalifa receives H.G. Geevarghese Mar Coorilos



Coorilos Thirumeni Visited to Hon. Minister K.M. Mani



St. Paul,s Payasam competition Winners



Memento Presentation to 10 th & 12th Toppers



Farewell to George C.G.



Holy Land Visited Team 2013- Conducted by OCYM



Turkey Visited Team 2013 - Conducted by DivyaBodhanam



Master Anish Varghese secured 3rd prize in "Table Topics" Gavel Masters Annual Contest 2013



Harvest Festival 2012 Achievement Prize Distribution





Harvest Festival 2012 Achievement Prize Distribution



Harvest Festival 2013 Article Receiving Ceremony





# ദൈവം നമ്മെ ഉപയോഗിക്കുന്നു.

സ്നേഹത്തിൻെറ പ്രതീകങ്ങളായ ഇടവക ജനങ്ങളെ,

ധർമ്മത്തിൻെറ രഹസ്യം കിടക്കുന്നത് സിദ്ധാന്തങ്ങളിലല്ല, പ്രവർത്തിയിലാണ്. “കർത്താവെ” എന്ന് അലറി കരയുന്നവനല്ല ആ താൽപര്യത്തെ അനുഷ്ഠിക്കുന്നവനാണ് അനുഗ്രഹിക്കപ്പെടുന്നത്. മാക്സ് മുള്ളറിൻെറ പ്രശസ്തമായ വാക്യം ഉദ്ധരിച്ചുകൊണ്ട് ഈ വർഷത്തെ ആദ്യഫലപെരുന്നാൾ നമ്മുടെ ആദ്യഫലംകൊണ്ട് യഹോവയെ മഹത്വപ്പെടുത്തിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

ഈ മനോഹര രാജ്യത്ത് നമ്മുടെ സ്രഷ്ടാവിനെ സ്തുതിക്കാൻ , ആരാധിക്കാൻ മനോഹരമായ ഒരു ദേവാലയം പല ഘട്ടങ്ങളിലായി നമ്മുടെ മുതിർന്നവരും നമ്മളും യഹോവയോട് ചേർന്ന് നിന്ന് ഉണ്ടാക്കി.
ഭീമമായ സംഖ്യ ശമ്പളം പറ്റുന്ന പല പുതുതലമുറക്കും അതിൻെറ പിറകിലുള്ള കഠിനാധ്വാനവും വേദനയും മനസ്സിലാകണമെന്നില്ല. ഇപ്പോൾ വീണ്ടും അതിൻെറ വിപുലീകരണം ആസന്നമായിരിക്കെ....... എൻെറ പ്രിയ സഹോദരീ സഹോദരന്മാരെ ഉണരുവിൻ... ഒറ്റക്കെട്ടാകുവിൻ. യഹോവയിൽ ആശ്രയിച്ച് നമുക്ക് അദ്ധ്വാനിക്കാം. വരും തലമുറകൾ നമ്മെ പറ്റി അഭിമാനിക്കട്ടെ. ആദ്യഫലപെരുന്നാൾ ഫലപ്രദമാകുവാൻ മാനേജിംഗ് കമ്മിറ്റിയോടു ചേർന്നു നിന്നു പ്രവർത്തിക്കുന്ന സംഘത്തെ ദൈവം അനുഗ്രഹിക്കട്ടെ. അവരുടെ കഠിനാധ്വാനത്തിന് യഹോവ വിലയിടട്ടെ. ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ നമ്മൾ ആസ്വദിച്ചല്ലോ. പരിശുദ്ധനായ തിരുമേനിയെപ്പോലെ ഒരു വിശുദ്ധ ജീവിതത്തിനായി നമുക്ക് ഒരുങ്ങാം.

നമ്മുടെ വലിയബാവാ പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് I തിരുമനസ്സിൻെറ ജന്മദിനം 29–ാം തീയതി കഴിഞ്ഞല്ലോ. എല്ലാവരും ബാവായുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു.
യുവജനപ്രസ്ഥാനത്തിൻെറയും ദിവ്യ ബോധനത്തിൻെറയും നേതൃത്വത്തിൽ നടന്ന വിശുദ്ധനാട് ,തുർക്കി തീർത്ഥയാത്ര ഭംഗിയായി തീർന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. അതിൻെറ പിന്നിൽ പ്രവർത്തിച്ച ഭാരവാഹികളെ അഭിനന്ദിക്കുന്നു. 12–ാം തീയതി യുവജനപ്രസ്ഥാനത്തിൻെറ നേതൃത്വ ത്തിൽ നടക്കുന്ന എക്യൂമെനിക്കൽ യൂത്ത് കോൺഫറൻസും, 13–ാം തീയതി വനിതാ സമാജം നടത്തുന്ന Parental conference എന്നിവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക.
‘വിശ്വാസം വിളിച്ച് കൂകുവാനുള്ളതല്ല, പ്രവർത്തിച്ച് കാണിക്കുവാനുള്ളതാണ്’ എന്ന മഹാത്മാ ഗാന്ധിയുടെ വാക്യം ഓർമ്മിച്ചു കൊണ്ട് സ്നേഹത്തിൽ സത്യം സംസാരിച്ച് യേശുവാകുന്ന തലയോളം നമുക്ക് വളരാം. നമ്മുടെ ആദ്യഫലം കൊണ്ട് യഹോവയെ ബഹുമാനിക്കാം.

ഒത്തിരി ഒത്തിരി സ്നേഹത്തോടെ നിങ്ങളുടെ സ്വന്തം

**ജേക്കബ് പുല്ലാക്കുടിയിൽ**
കത്തീഡ്രൽ സെക്രട്ടറി.

ചർച്ച് ഏരിയാ നോർത്തിൽ താമസിക്കുന്ന ശ്രീ.വർഗീസ് കെ ഇയുടെ പിതാവ് ടി എം വർഗീസ് (75 വയസ്സ്) 1/10/2013 കർത്താവിൽ നിദ്ര പ്രാപിച്ചു . ശവസംസ്കാരം കല്ലൂപാറ സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

നമ്മുടെ മുൻ ഇടവക അംഗം കെ.ജെ വർഗീസ് ( ഷാജി) (47 വയസ്സ്) 14/10/2013 കർത്താവിൽ നിദ്ര പ്രാപിച്ചു . ശവസംസ്കാരം കല്ലൂപാറ സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഗഫൂൾ / കമ്മീസ് ഏരിയായിൽ താമസിക്കുന്ന ശ്രീ. റോഷൻ കെ വർഗീസിൻെറ ഭാര്യാ പിതാവ് കെ എം ജോൺ 15/10/2013 ൽ കർത്താവിൽ നിദ്രപ്രാപിച്ചു.ശവസംസ്കാരം പത്തനാപുരം മലയിൽപള്ളി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

മനാമ ഏരിയായിൽ താമസിക്കുന്ന ശ്രീ. കെ റ്റി എബ്രഹാമിൻെറയും സക്കറിയാ തോമസിൻെറ യും മാതാവ് 18/10/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം തലവടി സെൻറ് തോമസ്സ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

അദിലിയാ ഏരിയായിൽ താമസിക്കുന്ന ശ്രീ വർഗീസിൻെറയും സൽമ്മാബാദ് ഏരിയായിൽ താമസിക്കുന്ന ജോർജ്ജ് ഫിലിപ്പിൻെറ യും മാതാവ് തങ്കമ്മ വർഗീസ് (82 വയസ്സ്) 20/10/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം ചന്ദനപ്പള്ളി അങ്ങാടിക്കൽ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

മനാമ ഏരിയായിൽ താമസിക്കുന്ന ശ്രീ. ജിജി ജോസഫിൻെറ ഭാര്യാപിതാവ് ഈ. ജോർജ്ജ് കുട്ടി 30-10-2013 ബുധനാഴ്ച്ച കർത്താവിൽ നിദ്രപ്രാപിച്ചു.ശവസംസ്ക്കാരം 2-11-2013 ശനിയാഴ്ച്ച തുമ്പമൺ സെൻെറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

## അറിയിപ്പുകൾ

കെ.സി.ഇ.സി.യുടെയും നമ്മുടെ ഇടവക യുവജനപ്രസ്ഥാനത്തിൻെറയും ആഭിമുഖ്യത്തിൽ **എക്യുമെനിക്കൽ യൂത്ത് കോൺഫറൻസ്** 2013 നവംബർ മാസം 12-ാം തീയതി രാവിലെ 8.30 മുതൽ വൈകിട്ട് 3.30 വരെ ഓർത്തഡോകസ് തിയോളജിക്കൽ സെമിനാരി പ്രൊഫ. റവ.ഫാ. ജേക്കബ് മാത്യുവിൻെറ നേതൃത്വത്തിൽ നമ്മുടെ ഇടവകയിൽ വെച്ച് നടക്കുന്നതാണ്.

മർത്തമറിയം സമാജത്തിൻെറ നേതൃത്വത്തിൽ 2013 നവംബർ മാസം 13-ാം തീയതി രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടക്കുന്ന Parental conference ൽ രക്ഷിതാക്കൾക്കും യുവതീയുവാക്കന്മാർക്കും പങ്കെടുക്കാവുന്നതാണ്.

മർത്തമറിയം സമാജത്തിൻെറ നേതൃത്വത്തിൽ 2013 നവംബർ 28-ന് വൈകിട്ട് 5:30 മുതൽ 7 വരെ Flower arrangement ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

സൺഡേസ്കൂൾ പരീക്ഷ ബിഗിനർ ക്ലാസ് മുതൽ 9-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് 2013 നവംബർ 29-ാം തീയതി ഉണ്ടായിരിക്കുന്നതാണ്.

സെൻറ് പോൾസ്സ് സുവിശേഷ സംഘത്തിൻെറ ആഭിമുഖ്യത്തിൽ ക്വിസ്സ് കോംപറ്റീഷൻ (അപ്പോ. പ്രവർത്തികൾ) 2013 നവംബർ മാസം 17-ാം തീയതി ഞായറാഴ്ച നടക്കുന്നതാണ്.

**Mr. Thomas P.E**
Palliyanathu House
Kaippattoor,Pathanamthitta
Parish: St Ignatious Maha Edavaka
Diocese: Thumpamon
Mob # 39196484
Roll # 2242
Area : Gudabiya

**Mr. Babuji P. Samuel**
Pulickatharayil House
Kaippattoor,Pathanamthitta,
Parish: St Ignatious Maha Edavaka
Diocese: Thumpamon
Mob: 33908664
Roll # 2243
Area: Gudabiya



**Mr. Shaju John**
Valiyakalayil House
Konnappara, Konni
Parish: St. Peters Orthodox Church
Diocese: Thumpamon
Mob # 39142152
Roll # 2244
Area: Gaful/Khammis



**Mr. Thomas Varghese**
Kochukaippalil
Parish: St. Thomas Orthodox Church
Diocese: Kottayam
Mob: 34468488
Roll # 2245
Area: Salmaniya



**Mr. Roy Kaiplangattu Skria**
Kaiplangattu House
Nilambur, Malapuram
Parish: Mar Yakob Burdhana Orthodox Church
Diocese: Malabar
Mob: 38471410
Roll # 2246
Area: Gaful/Khammis



**Mr. Liju A Varghese**
Ottaplavila
Chakkuvarackal, Kottarakara
Parish: St. George Orthodox Syrian Church
Diocese: Kollam
Mob: 33880902
Roll # 2247
Area: Salmaniya



**Mr. Rajesh Rajan Chacko**
Mary Villa
Aluva, Ernakulam
Parish: Collage Hill St.Thomas Orthodox Church
Diocese: Ernakulam
Mob: 39091769
Roll # 2248
Area: Muharraq



**Mr.Shaji M Philip**
Meppurathu Hose
Vattacavu, Pathanamthitta
Parish: St. Peters & St. Pauls Church
Diocese: Thumpamon
Mob: 34437953
Roll # 2249
Area: Gudabiya



**Mr. Jinu George**
Georgi Banglow
Keerukuzhy, Pathanamthitta
Parish: St. Mary's Orthodox Cathedral
Diocese: Thumpamon
Mob: 38444246
Roll # 2250
Area: Gudabiya



**Mr.Rino Oomman**
Vilathanuzhathil House
Kallissery, Chengannur, Alapuzha
Parish: St. Thomas Orthodox Church
Diocese: Chengannur
Mob: 37727138
Roll # 2251
Area: Muharraq

ദിവ്യബോധനം P.O.C.E ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും വൈകിട്ട് 8.00 ന് കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.
D.O.C.E ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ച്ചയും വൈകിട്ട് 8:00 നും കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.

| Date | Time | Area | Address /Venue |
|---|---|---|---|
| 04/11/2013 | 8.00 P M | Isa Town / Salmabad | **Mr. Saji Varghese**<br>Flat:11, Bld: 1565, Blk:814<br>Mob: 38883234 |
| 08/11/2013 | 4.30 P M | Gafool / Khamis | **Mr. T.C. John ( Ponnachan)**<br>Villa: 2966, Rd: 2584, Blk:425<br>Mob: 39682176 / 1759008 |
| 15/11/2013 | 12.30 P M | Riffa / Sitra | **Mr. Philipose George (Biju)**<br>Flat:21,Bldg:1588, Blk:929<br>Mob: 39613319 / 17740723 |
| 15/11/2013 | 4.30 P M | Sugaiya / Zinj | **Mr.Binu Varghese**<br>Bldg:1201, Rd:2833, Blk: 328,<br>Mob: 39901036. |
| 15/11/2013 | 6.00 P M | Adliya / Umal Hassam | **Mr. Varghese Modiyil Samuel**<br>Flat: 11, Bldg: 427,Blk: 335<br>Near Asel Super Market-Mob:39643154 |
| 15/11/2013 | 7.30 P M | Muharraq | **Mr. Kurian George**<br>Flat :11, Bldg : 379, Rd: 419,<br>Blk: 204, Mob: 39109657 |
| 22/11/2013 | 4.30 P.M | Salmaniya | **Mr. B.V. Chandy**<br>Flat : 21,Bldg:890,Rd : 2918 ,<br>Mob: 39159394 |
| 22/11/2013 | 6:00 P.M | Sh. Hammad/Lulu | **Hosted by Mr. Bony Mulappampallil**<br>Theophilus Hall, SMIOC,<br>Mob: 39882829 |
| 22/11/2013 | 7.30 P.M | Manama | **Mr. Samuel K. A. (Sam)**<br>Flat : 404, Bldg: 1770, Rd: 231<br>Blk: 302, Mob: 39203065 |
| 29/11/2013 | 6.00 P.M | Gudaibiya | **Mr. George Abraham**<br>Flat : 22, Bldg : 366,Rd: 811, Blk: 302<br>Mob: 33466801 / 17271950 |
| 29/11/2013 | 7.30 P.M | American Mission | **Hosted by Mr. Manoj Daniel**<br>Theophilus Hall, SMIOC,<br>Mob: 39968638 |
| | | Church Area South | **To be announced** |
| | | Church Area North | **To be announced** |
| | | Hoora | **To be announced** |



MANAGING COMMITTEE 2013

# Favours Received




Babu Philipose & Amminikutty Babu
Anjali Babu
Abhilash Babu



Sujit Joy & Reshma Sujit
Ethan S. Tharakan



Saji Pappachan & Vini Saji
Sanu P.Saji
Sara Saji



Sajan Koshy & Julie Sajan
Alena Sajan
Adhena Sajan



Well Wisher